# DIET WAYANAD, SAPHALYAM

# STANDARD X- EQUIVALENCY MODEL EXAMINATION 2014

# BIOLOGY

**A**

**Time : $1^{1/2}$ Hours** **Total Score : 30**

**Cool off time : 15 Minutes** **(Pages : 4)**

---

**പൊതുനിർദ്ദേശങ്ങൾ**

- ► പരീക്ഷ എഴുതാനുള്ള ഒന്നര മണിക്കൂർ സമയത്തിന് പുറമേ 15 മിനിറ്റ് കൂൾ ഓഫ് ടൈം (സമാശ്വാസ സമയം) ആരംഭത്തിൽ ഉണ്ടായിരിക്കുന്നതാണ്.
- ► ഈ സമയത്ത് എല്ലാ ചോദ്യങ്ങളും ശ്രദ്ധാപൂർവ്വം വായിക്കേണ്ടതാണ്.
- ► ഈ സമയം ഉത്തരം എഴുതുവാനോ മറ്റുള്ളവരുമായി ചർച്ച ചെയ്യാനോ പാടുള്ളതല്ല.
- ► എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതേണ്ടതാണ്. ചോയ്സ് അനുവദിച്ചിട്ടുള്ള ചോദ്യങ്ങൾക്ക് ചോയ്സിൽ ഏതെങ്കിലും ഒരെണ്ണം എഴുതിയാൽ മതിയാകും.
- ► ഓരോ ചോദ്യങ്ങൾക്കുമുള്ള സ്കോർ അതോടൊപ്പം നൽകിയിരിക്കുന്നു.

---

Q1. പദജോഡി ബന്ധം കണ്ടെത്തി വിട്ടുപോയ പദം പൂരിപ്പിക്കുക.

a) പാറ്റ : ട്രക്കിയ ; മനുഷ്യൻ : ..........................

b) ഹൈഡ്ര : ടിഷ്യുതലം ; നാടവിര : …............. **[1]**

Q2. ഒറ്റപ്പെട്ടത് കണ്ടെത്തി മറ്റുള്ളവയുടെ പൊതുസ്വഭാവം എഴുതുക.

കമെൻസലിസം ,മത്സരം, പരാദജീവനം, ഇരപിടുത്തം **[1]**

ന്യൂട്രോഫിൽ, പ്ലേറ്റ്ലെറ്റ്, ലിംഫോസൈറ്റ്, മോണോസൈറ്റ് **[1]**

Q3. പ്രകാശഘട്ടത്തിലേയും ഇരുണ്ടഘട്ടത്തിലോയും പ്രവർത്തനങ്ങൾ ചുവടെ നൽകിയിരിക്കുന്നു. പ്രവർത്തനങ്ങൾ വിശകലനം ചെയ്ത് അവയെ നൽകിയിരിക്കുന്ന പട്ടികയിലെ ശരിയായ കോളത്തിൽ എടുത്തെഴുതുക.

a. ഹരിതകണത്തിലെ സ്ട്രോമയിൽ നടക്കുന്നു.

b. ഓക്സിജൻ സ്വതന്ത്രമാകുന്നു.

c. ഗ്ലൂക്കോസ് നിർമ്മിക്കപ്പെടുന്നു.

d. ഹരിതകണത്തിലെ ഗ്രാനയിൽ നടക്കുന്നു.

| A. പ്രകാശഘട്ടം | B. ഇരുണ്ടഘട്ടം |
|---|---|
| | |

**[2]**

Q4. ചുവടെ നൽകിയിരിക്കുന്ന പ്രസ്താവനകൾ നിരീക്ഷിക്കുക. തെറ്റായ പ്രസ്താവനകൾ കണ്ടെത്തി തിരുത്തി എഴുതുക.

a) രക്തത്തിലെ ഗ്ലൂക്കോസിന്റെ സാധാരണ തോത് 70-110mg/100 ml ആണ്.

b) റൈബോസോം കോശത്തിൽ നടക്കുന്ന വിവിധ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നു.

c) കാൾ ലിനേയസ് ജീവലോകത്തെ അഞ്ച് കിങ്ഡങ്ങളായി വർഗ്ഗീകരിച്ചു.

d) പേശീകല ശരീരചലനങ്ങൾ സാധ്യമാക്കുന്നു. **[2]**

*P.T.O.*

Q5. ചുവടെ നൽകിയിരിക്കുന്ന ഇനങ്ങളെ ശരിയായ രീതിയിൽ തന്നിട്ടുള്ള പട്ടികയിൽ എടുത്തെഴുതുക.

അതുല്ല്യ, പന്നിയൂർ, അശ്വതി, നിലിരവി, ജഴ്സി

| നെല്ല് | കോഴി | എരുമ | കുരുമുളക് |
|---|---|---|---|
| | | | |

[2]

Q6. രക്തഗ്രൂപ്പുമായി ബന്ധപ്പെട്ട ചില വിവരങ്ങൾ പട്ടികയിൽ നൽകിയിരിക്കുന്നു. പട്ടിക വിശകലനം ചെയ്ത് വിട്ടഭാഗങ്ങൾ പൂരിപ്പിക്കുക

| രക്തഗ്രൂപ്പ് | ആന്റിജൻ | ആന്റിബോഡി | രക്തം ആർക്കൊക്കെ നൽകാം |
|---|---|---|---|
| …........(i).......... | A | …......(ii).......... | …........(iii)............ |
| AB | .......(iv)........ | ഇല്ല | AB |

[2]

Q7. ചിത്രത്തിൽ നൽകിയിരിക്കുന്ന ഫോസിലിനെ നിരീക്ഷിച്ച് ചുവടെ നൽകിയിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക



a) ചിത്രത്തിൽ നൽകിയിരിക്കുന്ന ഫോസിലിന്റെ പേരെന്ത് ?

b) ചിത്രത്തിൽ നൽകിയിരിക്കുന്ന ഫോസിലിന്റെ പരിണാമപരമായ പ്രാധാന്യം എന്ത്? [2]

Q8. (i) **" ആൺകുട്ടികളും പെൺകുട്ടികളും ഉണ്ടാകാനുള്ള സാധ്യത തുല്ല്യമാണ് "**

ഈ പ്രസ്താവന വിലയിരുത്തുക ?

**അല്ലെങ്കിൽ**

(ii) പുരുഷൻ ——— പുംബീജം
സ്ത്രീ ——— A ..............
→ B …............. ——— ഭ്രൂണം ——— ശിശു

a) A,B എന്നിവ എന്തിനെ സൂചിപ്പിക്കുന്നു.

b) ബീജോത്പ്പാദക കോശങ്ങളിൽ നടക്കുന്ന കോശവിഭജനം ഏത്. [2]

Q9. മികച്ച കുട്ടികർഷകനുള്ള അവാർഡ് നേടിയ ബിനു വളപ്രയോഗം, കീടനിയന്ത്രണം എന്നിവയെപ്പറ്റി വിവരശേഖരണം നടത്തുന്നു. വിവരശേഖരണത്തിന്റെ ഭാഗമായി ബിനു നൽകിയ ചോദ്യാവലിയിലെ ഒരുഭാഗം ചുവടെ നൽകിയിരിക്കുന്നു. ബിനുവിന്റെ ചോദ്യങ്ങൾക്ക് നിങ്ങൾ എന്ത് വിശദീകരണം നൽകും.

a) രാസവളപ്രയോഗത്തിന്റെ ദൂഷ്യഫലങ്ങൾ എന്തെല്ലാം? **[2]**

b) നെല്ലിനെ ബാധിക്കുന്ന ഏതെങ്കിലും രണ്ട് കീടങ്ങളുടെ പേര് എഴുതുക? **[1]**

Q10. "ശുചിത്വവും ആരോഗ്യവും" എന്ന വിഷയത്തിൽ സംഘടിപ്പിക്കുന്ന സെമിനാറിൽ ഉൾപ്പടുത്തുവാൻ ത്വക്കിന്റെ സംരക്ഷണത്തിന് സ്വീകരിക്കേണ്ട 3 നിർദ്ദേശങ്ങൾ എഴുതുക?

**അല്ലങ്കിൽ**

"കേരളത്തിൽ മദ്യത്തിന്റെ ഉപഭോഗം കുത്തനെ കൂടിയിരിക്കുന്നു. മദ്യപാനശീലം കൗമാരക്കാരിലേക്കും വ്യാപിക്കുന്നതായി വിവിധ പഠനങ്ങൾ സൂചിപ്പിക്കുന്നു"

മദ്യാസക്തിയുമായി ബന്ധപ്പെട്ട ഒരു പത്രവാർത്തയുടെ ഭാഗമാണ് മുകളിൽ നൽകിയിരിക്കുന്നത്.

a) മദ്യപാനത്തിനെതിരെയുള്ള ബോധവത്ക്കരണത്തിനായി ആരോഗ്യവകുപ്പ് തയ്യാറാക്കുന്ന പോസ്റ്ററിൽ ഉൾപ്പെടുത്തുവാൻ മദ്യപാനത്തിന്റെ ഏതെങ്കിലും മൂന്ന് ദൂഷ്യവശങ്ങൾ നിർദ്ദേശിക്കുക? **[3]**

Q11. ചിത്രം നിരീക്ഷിച്ച് ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.




a) ചിത്രീകരണത്തിൽ A എന്ന് സൂചിപ്പിച്ചിരിക്കുന്ന പ്രക്രിയ ഏത്?

b) ക്രബ്സ് പരിവൃത്തി നടക്കുന്ന ഭാഗം ഏത്? **[1]**

Q12.

| |
|---|
| മാവ് - മാഞ്ചിഫെറ ഇൻഡിക്ക |

മാവിന്റെ ശാസ്ത്രീയ നാമമാണ് ബോക്സിൽ നൽകിയിരിക്കുന്നത്.

a) ജീവികൾക്ക് ഇത്തരത്തിൽ ശാസ്ത്രീയമായി പേര് നൽകുന്ന രീതി ആവിഷ്ക്കരിച്ചതാര് ?

b) ബോക്സിൽ നൽകിയിരിക്കുന്ന മാതൃകയിൽ മറ്റൊരു ജീവിയുടെ ശാസ്ത്രീയ നാമം എഴുതുക? **[2]**

Q13. a) പട്ടികയിലെ A കോളത്തിലെ വിവരങ്ങൾ B കോളത്തിലെ വിവരങ്ങളുമായി ഉചിതമായി ചേർത്തെഴുതുക.

| | |
|---|---|
| I. അൽഷിമേഴ്സ് | a) അക്വസ് ദ്രവത്തിന്റെ അളവ് കൂടുന്നത്മൂലം ഉണ്ടാകുന്ന . |
| ii. ഗ്ലോക്കോമ | b) വിറ്റാമിൻ D യുടെ അപര്യാപ്തതകൊണ്ടുണ്ടാകുന്നു. |
| iii. റിക്കറ്റ്സ് | c) കേന്ദ്രനാഡിവ്യവസ്ഥയിലെ ന്യൂറോണുകളുടെ നാശംമൂലം ഉണ്ടാകുന്ന |

**അല്ലങ്കിൽ**

b) പട്ടികയിലെ A കോളത്തിൽ ആഹാരത്തിന്റെ ദഹനവുമായി ബന്ധപ്പെട്ട രാസാഗ്നികളും കോളം B യിൽ അവയുടെ ധർമ്മവും നൽകിയിരിക്കുന്നു. A കോളത്തിലെ വിവരങ്ങൾ B കോളത്തിലെ വിവരങ്ങളുമായി ഉചിതമായി ചേർത്തെഴുതുക.

| | |
|---|---|
| I. ലൈസോസൈം | a) അന്നജത്തെ ഭാഗീകമായി മാൾട്ടോസാക്കുന്നു. |
| ii. പെപ്സിൻ | b) കൊഴുപ്പിനെ ചെറുകണങ്ങളാക്കാൻ സഹായിക്കുന്നു. |
| iii. പിത്തരസം | c) മാംസ്യത്തെ ഭാഗീകമായി പെപ്റ്റോണുകളാക്കി മാറ്റുന്നു. |
| | d) ഭക്ഷണത്തിൽ സൂക്ഷ്മാണുക്കളുണ്ടെങ്കിൽ നശിപ്പിക്കുന്നു . |

[3]

Q14. ചിത്രം നിരീക്ഷിച്ച് ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക




a) A,B എന്നീ ഭാഗങ്ങളുടെ പേരെഴുതുക.(ചിത്രം പകർത്തി വരയ്ക്കേണ്ടതില്ല) [1]

b) ചുവടെ നൽകിയിരിക്കുന്ന വിവരങ്ങൾ ഉൾപ്പെടുത്തി കാഴ്ച യുമായി ബന്ധപ്പെട്ട ഫ്ലോചാർട്ട് പൂർത്തീകരിക്കുക? [2]

ലെൻസ്, അക്വസ്ദ്രവം, റെറ്റിന, നേത്രനാഡി, കൃഷ്ണമണി,
കോർണിയ, സെറിബ്രം, വിട്രിയസ്ദ്രവം

കോർണിയ → [ ] → [ ] → ലെൻസ് →

[ ] → റെറ്റിന → [ ] → സെറിബ്രം → കാഴ്ച